# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3622 30.01.2014-ൽ മറുപടിയ്ക്ക്

### എ. ടി. എം. കൗണ്ടറുകളുടെ സുരക്ഷയ്ക്ക് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) എ. ടി. എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) എ. ടി. എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങൾ വർദ്ധച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ എ.ടി.എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട ചില മോഷണങ്ങളും തട്ടിപ്പുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എ. ടി. എം. കൗണ്ടറുകളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് ;<br><br>സി) സംസ്ഥാനത്ത് കാവൽക്കാരില്ലാത്ത എ.ടി.എം കൗണ്ടറുകളുടെ സുരക്ഷയുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ? | (ബി) & (സി)<br><br>സംസ്ഥാനത്തെ എ. ടി. എം. കൗണ്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കളുടെ സുരക്ഷാ സംവിധാനങ്ങൾ പോലീസ് അവലോകനം ചെയ്തിട്ടുള്ളതും ആയതു പ്രകാരം സുരക്ഷാ ജീവനക്കാർ നിലവിലില്ലാത്ത എ.ടി.എം. കൗണ്ടറുകളിൽ മതിയായ സുരക്ഷാ ജീവനക്കാരെ 24 മണിക്കൂറും നിയോഗിക്കണമെന്നും സി.സി. ടിവി സംവിധാനം ഇല്ലാത്തിടത്ത് ആയത് സ്ഥാപിക്കണമെന്നും നിലവിലുള്ള സി.സി. ടിവി സംവിധാനം കാര്യക്ഷമമാണോയെന്ന് സമയാ സമയങ്ങളിൽ പരിശോധന നടത്തണമെന്നും ബന്ധപ്പെട്ട ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, എ.ടി.എം. കൗണ്ടറു കളിൽ ബീറ്റ് ബുക്ക് സ്ഥാപിച്ച് നിരന്തരം പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ക്യാബിനകത്ത് ഒരു എ.ടി.എം. മാത്രമേ പാടുള്ളൂ എന്നും അല്ലെങ്കിൽ മതിയായ മറ സൃഷ്ടിച്ചിരിക്കണ മെന്നും ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ